# ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

ജിൻസൺ വർക്കി
പ്രസിഡന്റ്
Ph: 04868 276005

പുളിയംകുന്നേൽ,
ഇരട്ടയാർ,
ഇരട്ടയാർ പി.ഒ.
M.9495976053

തീയതി 28/06/22

**നമ്പർ : ETR-P1-30/22**

## വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം സംബന്ധിച്ച്

ഗ്രാഹകൻ

സൂപ്രണ്ടിംഗ് എഞ്ചിനീയർ

വാട്ടർ അതോരിറ്റി, പി എച്ച് സർക്കിൾ

മൂവാറ്റുപുഴ

സർ,

**വിഷയം :** ഇരട്ടയാർ ഗ്രാമപഞ്ചായത്ത്- ഏരിയ വൈഡ് റൂറൽ വാട്ടർ സപ്ലൈ സർവ്വീസ് (ARWSS) ഭൂമി സറണ്ടർ നൽകിയത് സംബ.

സൂചന : 1.ഇരട്ടയാർ ഗ്രാമപഞ്ചയത്ത് കമ്മിറ്റിയുടെ 28.12.2002 തീയതി യിലെ 1-ാം നമ്പർ തീരുമാനം .

2 ഇരട്ടയാർ ഗ്രാമപഞ്ചയത്ത് കമ്മിറ്റിയുടെ 28.12.2002 തീയതി യിലെ 3-ാം നമ്പർ തീരുമാനം.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ കേരള വാട്ടർ അതോരിറ്റി നടപ്പിലാക്കുന്ന ഏരിയ വൈഡ് റൂറൽ വാട്ടർ സപ്ലൈ സർവ്വീസ് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്രിസിറ്റി ബോർഡിൽ നിന്നും 28/12/2002 ലെ 3-ാം നമ്പർ തീരുമാന പ്രകാരം 1 സെന്റ് സ്ഥലം 150 രൂപ നിരക്കിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 9000/ രൂപ ചിലവഴിച്ച് 50 സെന്റ് സ്ഥലം കെ എസ് ഇ ബോർഡിൽ നിന്നും വിലക്ക് വാങ്ങി കേരള വാട്ടർ അതോരിറ്റിക്ക് സറണ്ടർ ചെയ്ത് നൽകിയിട്ടുള്ളതാണ്.

ടി സ്ഥലത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വാട്ടർ ട്രീറ്റമെന്റ് പ്ലാന്റ് ഉൾപ്പെട്ട 50 സെന്റ് സ്ഥലത്തിനകത്ത് ആധുനിക രീതിയിലുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണ സമ്മതം ഗ്രാമപഞ്ചായത്ത് അറിയിച്ചുകൊള്ളുന്നു

വിശ്വസ്തതയോടെ

പ്രസിഡന്റ്

## ഇരട്ടയാർ ഗ്രാമപഞ്ചായത്ത്
## 28/12/2002 തീയതി നടന്ന സാധാരണ മീറ്റിംഗിലെ
## 2 – ാം നമ്പർ തീരുമാനം

A.R.W.S.S കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്ത് വൈദ്യുതി ബോർഡിൽ നിന്നും വിലകൊടുത്തു വാങ്ങുന്ന സ്ഥലത്തു നിന്നും ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് 50 സെന്റ് സ്ഥലം കേരള വാട്ടർ അതോരിറ്റിക്ക് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചു. സ്ഥലം വാട്ടർ അതോരിറ്റിക്ക് ഫ്രീ സറണ്ടർ ചെയ്തുകൊടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി

( ഒപ്പ്)
പ്രസിഡന്റ്

(ശരി പകർപ്പ്)

ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ല

സെക്രട്ടറി
ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

**ഇരട്ടയാർ ഗ്രാമപഞ്ചായത്ത്**
**28/12/2002 തീയതി നടന്ന സാധാരണ മീറ്റിംഗിലെ**
**3 – ാം നമ്പർ തീരുമാനം**

---

ഇരട്ടയാർ പഞ്ചായത്തിൽ കേരള വാട്ടർ അതോരിറ്റി നടപ്പാക്കുന്ന A.R.W.S.S കുടിവെള്ള പദ്ധതിക്ക് K. S. E .B യിൽ നിന്നും സ്ഥലം വാങ്ങി വാട്ടർ അതോരിറ്റിക്ക് നൽകുന്നതിനായുള്ള 2002/03 വർഷത്തെ "ഇരട്ടയാർ കുടി വെള്ള പദ്ധതി" സ്ഥലത്തിന്റെ വില നൽകൽ എന്ന പ്രോജക്ടിന് (പദ്ധതി വിഹിതം 60000 രൂപ) സാമ്പത്തികാനുമതി നൽകുന്നതിനും പ്രോജക്ട് നടപ്പി ലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയെ നിയോഗിക്കുന്ന തിനും തീരുമാനിച്ചു. A.R.W.S.S പദ്ധതി ഇതിനകം ആരംഭിക്കുകയും എന്നാൽ സ്ഥലം വാട്ടർ അതോരിറ്റിക്ക് അടിയന്തിരമായി കൈമാറ്റം നടത്തേണ്ടതിനാൽ സ്ഥലത്തിന്റെ വില സെന്റിന് 150 രൂപ പ്രകാരം 9000 / രൂപ K. S. E .B പള്ളം സിവിൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് പള്ളം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ ശാഖയിൽ മാറത്തക്കവിധം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് അയച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു.ട്രഷറിയിൽ നിന്നും ചെക്കുകൾ മാറ്റു ന്നതിന് ട്രഷറി ബാൻ നില നിൽക്കുന്നതിനാൽ പ്ലാൻ ഫണ്ടിൽ നിന്നുമുള്ള ചെക്ക് മാറുന്നതിന് കഴിയാത്ത സാഹചര്യത്തിൽ സ്ഥലത്തിന്റെ വില 9000/ രൂപയും DD കമ്മീഷനും തനതുഫണ്ടിൽ നിന്നും മാറുന്നതിനും ഈ തുക ട്രഷറി ബാൻ മാറുന്നതനുസരിച്ച് പ്ലാൻ ഫണ്ടിൽ നിന്നും തനതു ഫണ്ടി ലേയ്ക്ക് മാറ്റിയിടുന്നതിനും തീരുമാനിച്ചു. തുക തനതു ഫണ്ടിൽ നിന്നും പിൻവലിച്ച് DD എടുത്ത് പള്ളം K S E B സിവിൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് അടിയന്തിരമായി അയച്ചുകൊടുക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇരട്ടയാർ ഗ്രാമപഞ്ചായത്ത്
ഇടുക്കി ജില്ല

( ഒപ്പ്)
പ്രസിഡന്റ്